# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| ഏപ്രിൽ 11<br>April 11 | 2019 |

*1193 മീനം 28 വ്യാഴം*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468–2222657

**ലോക്സഭാ ഇലക്ഷൻ 2019**

**അടൂരിൽ വാഹന പരിശോധനയിൽ 7.7 ലക്ഷം രൂപ പിടിച്ചെടുത്തു**

അടൂർ നിയോജക മണ്ഡലത്തിൽ ഫ്ളയിംഗ് സ്ക്വാഡിന്റെ നേതൃത്വത്തിൽ ഏപ്രിൽ 10ന് രാത്രി നടത്തിയ വാഹന പരിശോധനയിൽ രേഖകളില്ലാതെ കൊണ്ടുവന്ന 7.7 ലക്ഷം രൂപ പിടിച്ചെടുത്തു. അടൂർ മുനിസിപ്പൽ സെക്രട്ടറി ആർ.കെ.ദീപേഷ്, സിപിഒമാരായ സി.എ സ്.അനൂപ്, സുധേഷ് എന്നിവരടങ്ങിയ സ്ക്വാഡാണ് പണം പിടിച്ചെടുത്തത്. അടൂർ ബൈപാസ് റോഡിൽ പ്രൈവറ്റ് ബസ് സ്റ്റാൻഡിന് സമീപത്തു നിന്നാണ് പണം പിടിച്ചെടുത്തത്. കെ എൽ 68 – 8975 മാരുതി ഡിസയർ വാഹനത്തിൽ നിന്നു പിടിച്ചെടുത്ത പണം അടൂർ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് കൈമാറി. ട്രഷറിയിലേക്ക് കൈമാറുന്ന പണം ട്രഷറി ചെസ്റ്റിൽ സൂക്ഷിക്കും. പിന്നീട് ജില്ലാ ഫിനാൻസ് ഓഫീസർ, ജില്ലാ ട്രഷറി ഓഫീസർ, പിഎയു പ്രോജക്ട് ഓഫീസർ എന്നിവർ അംഗങ്ങളായ സീഷർ റിലീസ് കമ്മിറ്റി ചേർന്ന് ഹിയറിംഗ് നടത്തി തീരുമാനമെടുക്കും.

അനധികൃത മദ്യക്കടത്ത്, പണവിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നത് ലക്ഷ്യമിട്ടാണ് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദേശപ്രകാരം ഫ്ളയിംഗ് സ്ക്വാഡുകളെ നിയോഗിച്ചിട്ടുള്ളത്. കളക്ടറേറ്റിൽ ഇതിനോട് അനുബന്ധിച്ച് 24 മണിക്കൂറും കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. എല്ലാ നിയോജകമണ്ഡലങ്ങളിലും ആന്റി ഡീഫേയ്സ്മെന്റ് സ്ക്വാഡ് (ഒന്ന് വീതം), ഫ്ളൈയിംഗ് സ്ക്വാഡ് (മൂന്ന് വീതം), സ്റ്റാറ്റിക് സർവെയിലൻസ് സ് ക്വാഡ് (മൂന്ന് വീതം), വീഡിയോ സർവൈലൻസ് സ്ക്വാഡ് (ഒന്ന് വീതം), വീഡിയോ വ്യൂവിംഗ്

സ്ക്വാഡ് (ഒന്ന് വീതം) എന്നിങ്ങനെയാണ് സ്ക്വാഡുകളുടെ വിന്യാസം. രേഖകളില്ലാതെ കൈവശം വച്ചിരുന്ന പണം പിടിച്ചെടുത്ത സ്ക്വാഡ് പ്രവർത്തകരെ ജില്ലാകളക്ടർ അഭിനന്ദിച്ചു. കൂടുതൽ പണവുമായി യാത്ര ചെയ്യുന്നവർ മതിയായ രേഖകൾ കൈവശം വയ്ക്കണമെന്നും ഇരുചക്രവാഹനങ്ങൾ ഉൾപ്പെടെ എല്ലാ വാഹനങ്ങളും പരിശോധിക്കുമെന്നും ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറും ജില്ലാ കളക്ടറുമായ പി.ബി.നൂഹ് അറിയിച്ചു.

(ഇലക്ഷൻ: 164/19)

## പണമോ പാരിതോഷികമോ കൊടുക്കുന്നത് കുറ്റകരം

ഒരു വ്യക്തിയുടെ തെരഞ്ഞെടുപ്പ് അവകാശത്തിൽ ഇടപെടുംവിധം പണമോ മറ്റ് ഉപഹാരങ്ങളോ നൽകുന്നതും വാങ്ങുന്നതും ഐ.പി.സി സെക്ഷൻ 171–ബി പ്രകാരം ഒരു വർഷം വരെ തടവോ പിഴയോ രണ്ടും കൂടിയോ ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്. സമ്മതിദായകരെ ഭീഷണിപ്പെടുത്തുന്നതോ നിയമവിരുദ്ധമായി സ്വാധീനിക്കുന്നതോ ആയ ഏതൊരാൾക്കെതിരെയും നടപടി സ്വീകരിക്കുമെന്ന് ജില്ല കളക്ടർ പി.ബി. നൂഹ് അറിയിച്ചു. കൂടാതെ സമ്മതിദായകരെ സ്വാധീനിക്കുവാൻ ഏതെങ്കിലും തരത്തിലുള്ള കൈക്കൂലി പണമായോ സാധനമായോ നൽകുന്ന ഏതൊരാൾക്കെതിരെയും വാങ്ങുന്നവർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിക്കാൻ ഫ്ളൈയിംഗ് സ്ക്വാഡുകളെ നിയോഗിച്ചിട്ടുണ്ട്. എല്ലാ പൗരന്മാരും പണമോ പാരിതോഷികമോ സ്വീകരിക്കുന്നതിൽ നിന്ന് സ്വയം മാറിനിൽക്കേണ്ടതും അത്തരത്തിലുള്ള ഏതെങ്കിലും പ്രവൃത്തി ശ്രദ്ധയിൽപ്പെടുകയോ ആരെങ്കിലും അത്തരത്തിൽ സമീപിക്കുകയോ ചെയ്താൽ കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന കംപ്ലയിന്റ് മോണിറ്ററിംഗ് സെല്ലിന്റെ കോൾ സെന്റർ നമ്പരായ 1950 ൽ വിവരം അറിയിക്കണമെന്നും ജില്ലാ കളക്ടർ അറിയിച്ചു.

(ഇലക്ഷൻ: 165/19)

## വോട്ടുണ്ടോയെന്നു പരിശോധിക്കാൻ വിപുലമായ സംവിധാനം

ലോക്സഭ തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് പുറത്തിറക്കിയ വോട്ടർപട്ടികയിൽ പേരുണ്ടോ എന്നു പരിശോധിക്കാൻ വിപുലമായ സംവിധാനം. നാഷണൽ വോട്ടേഴ്സ് സർവീസ് പോർട്ടലായ www.nvsp.in എന്ന വെബ് സൈറ്റിൽ പേര് തിരയാൻ അവസരമുണ്ട്. സംസ്ഥാന ചീഫ് ഇലക്ടറൽ ഓഫീസറുടെ www.ceo.kerala.gov.in എന്ന വെബ്സൈറ്റിൽ ലൊക്കേഷൻ ഉൾപ്പെടെ പരിശോധിക്കാനാവും. 1950 എന്ന നമ്പറിൽ കോൾ സെന്ററിൽ നിന്നും വിവരം ലഭ്യമാവും. ഈ നമ്പറിൽ തന്നെ എസ്.എം.എസ് മുഖേനയും വിവരം ലഭിക്കും. ECI<space> തിരിച്ചറിയൽ കാർഡ് നമ്പർ എന്ന ഫോർമാറ്റിലാണ് എസ്.എം.എസ് അയയ്ക്കേണ്ടത്. Voter Helpline എന്ന മൊബൈൽ ആപ്പിലൂടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ലഭ്യമാവും.

(ഇലക്ഷൻ: 166/19)

## പോസ്റ്റൽ ബാലറ്റ് വിതരണം ചെയ്തു

ലോക്സഭാ തെരഞ്ഞെടുപ്പ് ജോലികൾക്ക് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക് പോസ്റ്റൽ വോട്ട് ചെയ്യുന്നതിനുള്ള പോസ്റ്റൽ ബാലറ്റുകൾ ജില്ലാ കളക്ടർ പി.ബി നൂഹ് വിതരണം ചെയ്തു. പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിലെ ഏഴു നിയോജക മണ്ഡലങ്ങളിലെയും എആർഒമാർക്കാണ് പോസ്റ്റൽ ബാലറ്റ് കൈമാറിയത്. കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി, പൂഞ്ഞാർ നിയോജക മണ്ഡലങ്ങളിലേക്ക് 2000 പോസ്റ്റൽ ബാലറ്റുകൾ വീതവും പത്തനംതിട്ട ജില്ലയിലെ തിരുവല്ല, റാന്നി, കോന്നി, അടൂർ എന്നിവിടങ്ങളിലേക്ക് 2000 പോസ്റ്റൽ ബാലറ്റുകൾ വീതവും ആറന്മുള മണ്ഡലത്തിലേക്ക് 2950 പോസ്റ്റൽ ബാലറ്റുമാണ് കൈമാറിയത്. പത്തനംതിട്ട ലോക്സഭാ തെരഞ്ഞെടുപ്പ് ആവശ്യത്തിലേക്കായി 15000 പോസ്റ്റൽ ബാലറ്റുകളാണ് അച്ചടിച്ചിട്ടുള്ളത്. ജില്ലയിലെ

തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് സുഗമമായി സമ്മതിദാനം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനത്തിന്റെ ഭാഗമായാണ് പോസ്റ്റൽ വോട്ട് സംവിധാനം കാര്യക്ഷമമാക്കിയിട്ടുള്ളത്.

(ഇലക്ഷൻ: 167/19)

## തൽസ്ഥിതി വിവരങ്ങൾക്ക് മൊബൈൽ ആപ്പ് സംവിധാനം

പോളിംഗ് ഉദ്യോഗസ്ഥർക്ക് തെരഞ്ഞെടുപ്പ് സംബന്ധിച്ച വിവരങ്ങളുടെ തൽസ്ഥിതി അറിയുന്നതിനായി പ്രത്യേക മൊബൈൽ ആപ്പ് സംവിധാനവുമായി ജില്ലാ ഭരണകൂടം. വോട്ടെടുപ്പ് ദിവസവും, തലേ ദിവസവും പ്രധാന വിവരങ്ങൾ വളരെ വേഗം അറിയുന്നതിനായാണ് പോൾ മാനേജർ എന്ന പ്രത്യക മൊബൈൽ ആപ്ലിക്കേഷൻ സജ്ജമാക്കിയിട്ടുള്ളത് .സെക്ടറൽ ഓഫീസർ, പോളിംഗ് ഓഫീസർ, എആർമൊർ, ഇആർഒമാർ എന്നിവർക്ക് ഈ ആപ്ലിക്കേഷൻ ഉപയോഗിക്കാം. ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്ന് പോൾ ആപ്ലിക്കേഷൻ ആപ്പ് ഉദ്യോഗസ്ഥർക്ക് ഡൗൺലോഡ് ചെയ്യാം. ആപ്പിൽ മുൻകൂട്ടി നിയോഗിച്ചിട്ടുള്ള 19 ചോദ്യാവലികളാണുള്ളത്. പോളിംഗ് സ്റ്റേഷനിലേക്ക് നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർ പുറപ്പെടുന്നത് മുതൽ തിരിച്ചെത്തുന്നത് വരെയുള്ള വിവരങ്ങൾ ഇതുവഴി രേഖപ്പെടുത്താം. ഒരു ഉദ്യോഗസ്ഥൻ വിതരണ കേന്ദ്രത്തിൽ നിന്നും പോളിംഗ് സാമഗ്രികളുമായി പുറപ്പെട്ടാൽ പ്രിസൈഡിംഗ് ഓഫീസർക്ക ഈ ആപ്പിന്റെ ഉപയോഗം മുഖേന ഉദ്യോഗസ്ഥൻ ബൂത്തിലെത്തിയോ എന്ന വിവരം അറിയാൻ കഴിയും. കൂടാതെ, വോട്ടെടുപ്പിന് തടസങ്ങൾ നേരിട്ടാലും ആപ്പ് മുഖേന അറിയാം.

നിലവിൽ ഈ ആപ്ലിക്കേഷൻ ആൻഡ്രോയിഡ് ഫോണുകളിൽ മാത്രമാണ് ലഭിക്കുക. ഓരോ മണിക്കൂർ ഇടവിട്ട് എത്ര പുരുഷൻമാർ, സ്ത്രീകൾ, ഭിന്നലിംഗക്കാർ എന്നിവർ വോട്ട് ചെയ്തുവെന്ന വിവരങ്ങൾ ജില്ലാതല ഉദ്യോഗസ്ഥർക്ക് അറിയാൻ കഴിയും. ബൂത്തുകളിലേക്ക് പുറപ്പെടുന്നതിന് മുൻപ് തന്നെ ഉദ്യോഗസ്ഥർക്ക് അവരുടെ നമ്പർ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള സംവിധാനം വിതരണ കേന്ദ്രങ്ങളിൽ ലഭ്യമാണ്. ഈ ആപ്ലിക്കേഷൻ ഉപയോഗിക്കുന്ന ഉദ്യോഗസ്ഥർ ഇന്റർനെറ്റ് സൗകര്യത്തിനായി ഡേറ്റാ ബാലൻസ് ഉറപ്പ് വരുത്തണം. ജില്ലാ, താലൂക്ക് തലങ്ങളിലുള്ള ഉദ്യോഗസ്ഥർക്ക് ഈ സംവിധാനം പ്രയോജനപ്പെടുത്താം. മൊബൈൽ നമ്പർ ഉപയോഗിച്ച് ഉദ്യോഗസ്ഥർക്ക് ഈ ആപ്പിൽ ലോഗിൻ ചെയ്യാം.

(ഇലക്ഷൻ: 168/19)

## തെരഞ്ഞെടുപ്പ് പ്രചാരണത്തിന് കുടുംബശ്രീ, തൊഴിലുറപ്പ് പ്രവർത്തകരെ ഉപയോഗിക്കരുത്

ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി കുടുംബശ്രീ, തൊഴിലുറപ്പ് പ്രവർത്തകരെ ഉപയോഗിക്കാൻ പാടില്ലെന്ന് ജില്ലാ കളക്ടർ പി ബി നൂഹ് അറിയിച്ചു. തൊഴിലുറപ്പ് പ്രോജക്ട് ഡയറക്ടർ എൻ ഹരി, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ കെ.വിധു എന്നിവർക്കാണ് നിർദേശം നൽകിയത്. കുടുംബശ്രീ പ്രവർത്തകരെ രാഷ്ട്രീയ പാർട്ടികളുടെ പ്രചാരണത്തിന് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപെട്ട സാഹചര്യത്തിലാണ് നിർദേശം.

ബ്ലോക്കുകളിലെയും ഗ്രാമപഞ്ചായത്തുകളിലെയും പദ്ധതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രവർത്തി സ്ഥലങ്ങൾ സന്ദർശിക്കുകയും മസ്റ്റർ റോൾ പരിശോധിക്കുകയും ചെയ്യണം. സ്ഥാനാർഥികളുടെ കൺവൻഷനുകളിൽ പങ്കെടുക്കുന്നവർക്ക് ഹാജർ നൽകാമെന്നും മറ്റുമുള്ള വാഗ്ദാനങ്ങൾ ഉദ്യോഗസ്ഥരോ കരാർ ജീവനക്കാരോ നൽകാൻ പാടില്ല. മസ്റ്റർ റോളിൽ കോളങ്ങൾ ഒഴിച്ചിട്ടിരിക്കുന്നതായോ ഒപ്പിട്ടിട്ടുള്ള തൊഴിലാളികൾ പണിസ്ഥലത്ത് ഇല്ലാതിരിക്കുകയോ ചെയ്തിരിക്കുന്നത് കണ്ടാൽ അത്തരം ക്രമക്കേടുകൾ ബിപിഒയ്ക്കോ ജെപിസിക്കോ റിപ്പോർട്ട് ചെയ്യണം. എല്ലാ ടീം മേറ്റുമാർക്കും ഇതുസംബന്ധിച്ച കർശന നിർദേശം ബ്ലോക്ക്-ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ നൽകണം. ഇതിന് വിരുദ്ധമായി

പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കും കരാർ ജീവനക്കാർക്കുമെതിരെ കർശന നടപടി സ്വീകരിക്കും. മസ്റ്റർ റോളിൽ ക്രമക്കേടുകൾ കാണിക്കുന്ന മേറ്റുമാരെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് നടപടിയെടുക്കുമെന്നും ജില്ലാ കളക്ടർ അറിയിച്ചു.

(ഇലക്ഷൻ: 169/19)

## അപ്രന്റീസ് ട്രേഡ് ടെസ്റ്റ്

മെയ് മാസം നടക്കുന്ന 109-ാമത് അഖിലേന്ത്യാ അപ്രന്റീസ്ഷിപ്പ് ട്രേഡ് ടെസ്റ്റ് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന തീയതി ഈ മാസം 22 വരെ നീട്ടി.

(പിഎൻപി 1016/19)

## കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സ് പരിശീലനം

ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ സന്നദ്ധതയുള്ള യുവജനങ്ങളെ ഉൾപ്പെടുത്തി സംസ്ഥാന യുവജനക്ഷേമ ബോർഡ് രൂപീകരിച്ച കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ രണ്ടാം ബാച്ചിന്റെ പരിശീലനം ഉടൻ ആരംഭിക്കും. കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സിൽ രജിസ്റ്റർ ചെയ്ത 25 ന് താഴെ പ്രായമുള്ളവർക്കാണ് പരിശീലനം നൽകുന്നത്. പങ്കെടുക്കാൻ താത്പര്യമുള്ളവർ ഈ മാസം 22നകം പേര്, വിലാസം, ഫോൺ നമ്പർ, ആധാറിന്റെ പകർപ്പ് എന്നിവ സഹിതം ജില്ലാ ഓഫീസർ, ജില്ലാ യുവജനകേന്ദ്രം, കളക്ടറേറ്റിന് സമീപം, പത്തനംതിട്ട എന്ന വിലാസത്തിലോ pta.ksywb@kerala.gov.in എന്ന ഇ-മെയിലിലോ അപേക്ഷിക്കണം. ഫോൺ: 0468 2231938.

(പിഎൻപി 1017/19)

## കൊടും ചൂട് :പത്തനംതിട്ട ജില്ലയിൽ അതീവ ജാഗ്രത മുന്നറിയിപ്പ്

അന്തരീക്ഷ താപനില ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പത്തനംതിട്ട ജില്ലയിലുൾപ്പെടെ സംസ്ഥാനത്ത് അതീവ ജാഗ്രത മുന്നറിയിപ്പ് പുറപ്പെടുവിച്ചു. കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ കാലാവസ്ഥാ വിശകലനത്തിന്റെ അടിസ്ഥാനത്തിലാണ് അതീവ ജാഗ്രതാ മുന്നറിയിപ്പ് പുറപ്പെടുവിച്ചത്. പത്തനംതിട്ട ജില്ലയിൽ ഏപ്രിൽ 11 മുതൽ 13 വരെ താപനില രണ്ട് മുതൽ നാല് ഡിഗ്രി വരെ ഉയരുവാൻ സാധ്യതയുണ്ട്. ഇത് സൂര്യഘാത സാധ്യതകൾക്ക് ഇടവരുത്തിയേക്കും. ഈ സാഹചര്യം കണക്കിലെടുത്ത് പൊതുജനങ്ങൾ സുരക്ഷാ നിർദേശങ്ങൾ കർശനമായി പാലിക്കണമെന്ന് ജില്ലാ കളക്ടർ പി.ബി.നൂഹ് അഭ്യർഥിച്ചു.

വരുന്ന മൂന്ന് ദിവസങ്ങളിൽ ജനങ്ങൾ കൂടുതൽ ശ്രദ്ധ പുലർത്തണം. നേരിട്ട് വെയിൽ ഏൽക്കുന്നത് രാവിലെ 11 മുതൽ വൈകിട്ട് മൂന്ന് വരെ പൂർണമായും ഒഴിവാക്കണം. തെരഞ്ഞെടുപ്പ് പ്രവർത്തനത്തിൽ ഏർപ്പെടുന്ന പൊതുപ്രവർത്തകർ, മാധ്യമ പ്രവർത്തകർ, പുറം തൊഴിലിൽ ഏർപ്പെടുന്ന തൊഴിലാളികൾ, കർഷക തൊഴിലാളികൾ, പോലീസുകാർ, ഓൺലൈൻ ഭക്ഷണ വിതരണം നടത്തുന്നവർ, വഴിയോര കച്ചവടക്കാർ തുടങ്ങിയ നേരിട്ട് സൂര്യപ്രകാശം ഏൽക്കാൻ സാധ്യതയുള്ളവർ പ്രത്യേക ശ്രദ്ധ പുലർത്തണം. അവധിക്കാലമായതിനാൽ കുട്ടികളെ പുറത്തിറങ്ങി കളിക്കുന്നത് പ്രോത്സാഹിപ്പിക്കരുത്. കോളജ്, സ്കൂൾ, അങ്കണവാടി, ഡെ കെയർ അധ്യാപകർ കുട്ടികളെ പ്രത്യേകം ശ്രദ്ധിക്കുക. ആവശ്യത്തിന് വെള്ളം ക്ലാസ് മുറികളിൽ സജ്ജീകരിക്കണം. ഈ ദിവസങ്ങളിൽ വിനോദ സഞ്ചാരത്തിൽ ഏർപ്പെട്ടിരിക്കുന്നവർ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതിരിക്കുവാൻ ശ്രദ്ധിക്കുക. കുട്ടികളെ വാഹനങ്ങളിൽ തനിച്ച് ഇരുത്തരുത്.

ലേബർ കമ്മീഷണരുടെ ഉത്തരവു പ്രകാരം തൊഴിൽ സമയം രാവിലെ 11 മുതൽ വൈകിട്ട് മൂന്ന് വരെ പുനഃക്രമീകരിച്ചിട്ടുള്ളത് തൊഴിൽ ദാതാക്കൾ പാലിക്കണം. നിർജലീകരണം തടയാൻ ജോലി സ്ഥലങ്ങളിലും കുടിവെള്ളം സജ്ജീകരിക്കുക.

പ്രായമായവർ, ഗർഭിണികൾ, കുട്ടികൾ, മറ്റ് രോഗങ്ങൾ മൂലമുള്ള അവശത അനുഭവിക്കുന്നവർ തുടങ്ങിയവർ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതെയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. നിർജലീകരണം തടയാൻ എപ്പോഴും കൈയിൽ ഒരു കുപ്പി വെള്ളം കരുതണം. പരമാവധി ശുദ്ധജലം കുടിക്കണം. മദ്യം, കാപ്പി, ചായ എന്നീ പാനീയങ്ങൾ പകൽ സമയത്ത് ഒഴിവാക്കണം. അയഞ്ഞ ലൈറ്റ് കളർ പരുത്തി വസ്ത്രങ്ങൾ ധരിക്കാൻ ശ്രദ്ധിക്കണം. മൃഗങ്ങൾക്കും പക്ഷികൾക്കും പ്രത്യേകം പരിഗണന നൽകണം. കന്നുകാലികളെ, വളർത്തുമൃഗങ്ങളെ തണലുള്ള സ്ഥലങ്ങളിൽ കെട്ടുകയും, ആവശ്യത്തിന് കുടിവെള്ളം ഉറപ്പാക്കുകയും ചെയ്യണം. പക്ഷികൾക്കും ധാരാളം വെള്ളം കൊടുക്കുക. വീടുകളിൽ പക്ഷികൾക്ക് കുടിക്കാൻ തുറസായ സ്ഥലത്തോ മേൽക്കൂരയിലോ ഒരു തുറന്ന പാത്രത്തിൽ വെള്ളം കരുതാം. ജില്ലയിൽ സൂര്യാഘാതവും സൂര്യതാപവും മുലം നാളിതുവരെ 164 പേർ ചികിത്സ തേടിയിട്ടുണ്ട്. എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ഇതിനു വേണ്ട ചികിത്സ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. വരൾച്ച, സൂര്യതാപം, സൂര്യാഘാതം ,ഉഷ്ണ തരംഗം എന്നിവ സംബന്ധിച്ച് വിവരങ്ങൾ അറിയുവാനും അറിയിക്കാനും കളക്ട്രേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം തുറന്നിട്ടുണ്ട്. വിവരങ്ങൾ അറിയുവാനും അറിയിക്കുവാനും 0468 2222515/ 0468 2322515/ 807880891 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം. (പിഎൻപി 1018/19)

## ചിത്ര രചനാ മത്സരം

ദേശീയ അഗ്നിരക്ഷാ ദിനാചരണത്തിന്റെ ഭാഗമായി പത്തനംതിട്ട ഫയർ & റെസ്ക്യൂ സ്റ്റേഷനിൽ ഒന്ന് മുതൽ ആറ് വരെ ക്ലാസുകളിലെ കുട്ടികളെ ഉൾപ്പെടുത്തി ജൂനിയർ തലത്തിലും ഏഴ് മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികളെ ഉൾപ്പെടുത്തി സീനിയർ തലത്തിലും ചിത്രരചനാ മത്സരം സംഘടിപ്പിക്കും. അഗ്നിരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ചിത്രരചനയുടെ വിഷയം. ജൂനിയർ തലത്തിലെ വിദ്യാർഥികൾ വാട്ടർ കളർ ഉപയോഗിച്ച് പേപ്പറിലും സീനിയർ തലത്തിലെ വിദ്യാർഥികൾ തുണിയിലുമാണ് ചിത്രങ്ങൾ വരയ്ക്കേണ്ടത്. പങ്കെടുക്കാൻ താത്പര്യമുള്ള കുട്ടികൾ 14ന് ഉച്ചയ്ക്ക് മൂന്നിന് ചിത്ര രചനയ്ക്ക് ആവശ്യമായ സാധന സാമഗ്രികളുമായി പത്തനംതിട്ട ഫയർ സ്റ്റേഷനിൽ എത്ത ണം. ഫോൺ: 04682222001, 949792008. (പിഎൻപി 1019/19)

## ഫോട്ടോ അടിക്കുറിപ്പ്

1) ലോക്സഭാ തെരഞ്ഞെടുപ്പ് ജോലികൾക്ക് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക് പോസ്റ്റൽ വോട്ട് ചെയ്യുന്നതിനുള്ള പോസ്റ്റൽ ബാലറ്റുകൾ ജില്ലാ കളക്ടർ പി.ബി നൂഹ് പരിശോധി ക്കുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.





# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഏപ്രിൽ 11<br>April 11 | 2019 |
|---|---|

*1193 മീനം 28 വ്യാഴം*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**കുടിവെള്ളക്ഷാമം: 24 മണിക്കൂറും വാട്ടർ അതോറിറ്റിയിലേയ്ക്ക് വിളിക്കാം**

വേനൽ രൂക്ഷമായ സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് കുടിവെള്ളക്ഷാമം സംബന്ധിച്ച പരാതികൾ വാട്ടർ അതോറിറ്റിയുടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫോൺ നമ്പരുകളിൽ വിളിച്ചറിയിക്കാം. വെള്ളയമ്പലത്തുള്ള വാട്ടർ അതോറിറ്റി ആസ്ഥാനത്തും എല്ലാ ജില്ലകളിലും ഡിവിഷൻ ഓഫീസുകളിലും പരാതി സ്വീകരിക്കാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന പ്രത്യേക ഫോൺ നമ്പരുകൾ ഏർപ്പെടുത്തി. വാട്ടർ അതോറിറ്റി ആസ്ഥാനത്ത് 9188127950, 9188127951 എന്നീ നമ്പരുകളിൽ സംസ്ഥാനത്ത് എവിടെ നിന്നും കുടിവെള്ളക്ഷാമം സംബന്ധിച്ച പരാതികൾ സ്വീകരിക്കും. ജില്ലാ, ഡിവിഷൻ തലങ്ങളിൽ ഏർപ്പെടുത്തിയിരിക്കുന്ന വരൾച്ചാ പരാതിപരിഹാര നമ്പരുകൾ:

സംസ്ഥാനത്ത് എവിടെനിന്നും പരാതികൾ 18004255313 എന്ന ടോൾഫ്രീ നമ്പരിലും 9495998258 എന്ന നമ്പരിൽ വാട്സാപ് വഴിയും അറിയിക്കാം. വാട്ടർ അതോറിറ്റി വെബ് സൈറ്റായ www.kwa.kerala.gov.in സന്ദർശിച്ച് ജനമിത്ര ആപ് വഴിയും പരാതികൾ രജിസ്റ്റർ ചെയ്യാം. (പിഎൻപി 1020/19)

**പത്തനംതിട്ട**

ജില്ലാ കൺട്രോൾ റൂം - 0468-2222670
പത്തനംതിട്ട ഡിവിഷൻ - 918812795141
തിരുവല്ല ഡിവിഷൻ - 918812795142

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്